പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 565

07-07-2014 ൽ മറുപടിക്ക്

## കർഷകർക്കുള്ള വായ്പാലഭ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ.ലതിക<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) സംസ്ഥാനത്ത് കർഷകർക്കുള്ള വായ്പാലഭ്യത സംവിധാനം കാര്യക്ഷമമാണെന്ന് കരുതുന്നുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ വാണിജ്യ ബാങ്കുകൾ റിസർവ്വ് ബാങ്ക്/നബാർഡ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് കാർഷിക വായ്പകൾ നൽകിവരുന്നത്. അർഹതയുള്ള കർഷകന് വായ്പ നിഷേധിച്ചാൽ പരാതിപ്പെടാനുള്ള സംവിധാനവും എസ്.എൽ.ബി.സി/ ലീഡ്ബാങ്ക് എന്നിവയിലൂടെ ലഭ്യമാണ്. അതിനാൽ കാർഷിക വായ്പാ ലഭ്യതാ സംവിധാനം കാര്യക്ഷമമാണ്.<br>സംസ്ഥാനത്ത് സഹകരണ മേഖല വഴി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ വഴി ഹ്രസ്വകാല, മദ്ധ്യകാല വിള വായ്പകളും പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ (PCARDB) മുഖേന ദീർഘകാല കാർഷിക വായ്പകളും നൽകി വരുന്നു. |
| (ബി) എല്ലാ പ്രധാന വിളകൾക്കും പലിശരഹിതമോ, കുറഞ്ഞ പലിശയിലോ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ വിള ഉൽപ്പാദനത്തിനുള്ള വായ്പ (കെ.സിസി) കേന്ദ്ര സർക്കാർ നൽകുന്ന 2 ശതമാനം സബ്സിഡിയോടെ 7 ശതമാനത്തിന് നൽകിവരുന്നു. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് അധികമായി 3 ശതമാനം സബ്സിഡിയും കേന്ദ്ര സർക്കാർ നൽകിവരുന്നു. അതായത് വിളവായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകന് പരമാവധി പലിശ 4 ശതമാനമായി നിജപ്പെടുത്തിയിരിക്കുന്നു.<br><br>സഹകരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ നെൽ കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ഹ്രസ്വകാല |

| | | |
|---|---|---|
| | | വായ്പകൾ സംസ്ഥാന സർക്കാരിന്റെ പലിശ സബ്സിഡിയും കേന്ദ്ര ഗവൺമെന്റിന്റെ പലിശ സബ് വെൻഷനും വിനിയോഗിച്ച് പലിശരഹിതമായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) വായ്പകൾ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ലളിതമാക്കാമോ; | (സി) | ഏകജാലക സംവിധാനത്തിലൂടെ കർഷകർക്ക് കൃഷിക്ക് ആവശ്യമുള്ള വായ്പകൾ ലളിതവും സമയോചിതവുമായി നൽകുന്നതിന് കിസാൻ ക്രെഡിറ്റ് കാർഡുകൾ ബാങ്കുകൾ മുഖേന വിതരണം ചെയ്തുവരുന്നുണ്ട്. കേരളത്തിലെ രജിസ്ട്രേഷൻ പൂർത്തീകരിച്ച 18.77 ലക്ഷം കർഷകർക്ക് അഗ്രികാർഡുകൾ അടിസ്ഥാന രേഖയായി സ്വീകരിച്ചുകൊണ്ട് താഴെ പറയുന്ന സൗകര്യങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>എ) കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും വായ്പകളും മറ്റ് സഹായങ്ങളും.<br>ബി) ബാങ്കുകളിൽ നിന്നും 4 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (ക്രോപ്പ് ലോൺ).<br>സി) 7 ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സംസ്ഥാന സർക്കാർ നൽകുന്നതാണ്.<br>കിസാൻ ക്രെഡിറ്റ് കാർഡുകൾ മുഖേനയുള്ള കാർഷിക വായ്പകൾ നിലവിൽ ലഘൂകരിച്ച വ്യവസ്ഥകൾ പ്രകാരം തന്നെയാണ് നൽകുന്നത്. ഇതിനു പുറമെ, സഹകരണ ബാങ്കുകളുടെ സ്വന്തം ഫണ്ടിൽ നിന്നും നൽകുന്ന കാർഷിക വായ്പകൾ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ച് നിർദ്ദേശം നൽകുകയും പരമാവധി 15 ദിവസത്തിനകം വായ്പകൾ വിതരണം ചെയ്യുകയും ചെയ്യുന്നു. |
| (ഡി) കൃഷിനാശം ഉണ്ടാകുന്ന ഘട്ടങ്ങളിൽ കാർഷിക വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കാൻ തയ്യാറാകുമോ? | (ഡി) | സംസ്ഥാനത്ത് കൃഷിനാശം ഉണ്ടാകുന്ന ഘട്ടങ്ങളിൽ കാർഷിക വായ്പകൾക്ക് സംസ്ഥാന സർക്കാരിന്റെ വിജ്ഞാപന പ്രകാരം മോറട്ടോറിയം, വായ്പകളുടെ കാലാവധി നീട്ടി നൽകൽ തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

5

29

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - റവന്യൂ റിക്കവറി - സംസ്ഥാനത്തെ കാർഷിക കടങ്ങളുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയം 15-02-2015 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ.224 /14 /റവ. തിരുവനന്തപുരം, തീയതി: 30 -05-2014.

പരാമർശം:- സ.ഉ. (എം.എസ്) നമ്പർ 57/13 /റവ തീയതി: 15 -02-2013

## ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം, കാർഷിക വായ്പകളിൻമേൽ ഉള്ള റവന്യൂ റിക്കവറി നടപടികൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയം 15-02-2015 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സത്യജിത്ത് രാജൻ

പ്രിൻസിപ്പൽ സെക്രട്ടറി

1) ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം..
2) എല്ലാ ജില്ലാ കളക്ടർമാർക്കും.
3) അക്കൗണ്ടൻറ് ജനറൽ (എ & ഇ/ ഓഡിറ്റ്), തിരുവനന്തപുരം.
4) രജിസ്ട്രാർ, കേരളഹൈക്കോടതി (ആമുഖ കത്തു സഹിതം)
5) സെക്രട്ടറി, കേരളനിയമസഭ
6) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം പ്രകാരം)
7) വിവര പൊതുജനസമ്പർക്ക വകുപ്പ്
8) ഡയറക്ടർ, വെബ് &ന്യൂ മീഡിയ ഡിവിഷൻ വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9) കൃഷി (കൃഷി) വകുപ്പ് 10) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
11) സഹകരണ (ബി) വകുപ്പ് 12) ധനകാര്യ വകുപ്പ്
13)റവന്യൂ (കെ/എസ്റ്റ്) വകുപ്പ് 14) സെക്രട്ടറി, കാർഷിക കടാശ്വാസ കമ്മീഷൻ
15) ഓഫീസ് കോപ്പി 16) സ്റ്റോക്ക് ഫയൽ.

പകർപ്പ്:-

റവന്യൂ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എയ്ക്ക്
അണ്ടർ സെക്രട്ടറി, റവന്യൂ

True Copy

ഉത്തരവിൻ പ്രകാരം/ അയയ്ക്കുന്നത്